Page 1 of 4

LIBRARY ARCHIVES Kerala Legislative Assembly

നിലയിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ ഈ രാജ്യത്തെ നെൽക്കൃഷിക്കാരെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണ്.

ഈ അവസരത്തിൽ എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് ഒരു അഭ്യർത്ഥനയുണ്ട്. ജനാർദ്ദനൻ നായർ കമ്മീഷനെ 1981-ലാണ് നിയമിച്ചത്. ഈ നിയമസഭയിൽ അന്നത്തെ കൃഷിവകുപ്പുമന്ത്രി നടത്തിയ ഒരു പ്രഖ്യാപനത്തിന്റെയും ഉറപ്പിന്റെയും അടിസ്ഥാനത്തിലായിരുന്നു അത്. അങ്ങനെ സഭയിൽ പ്രഖ്യാപിച്ച് നിയമിക്കുന്ന ഒരു കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചാൽ ആറുമാസത്തിനകം അത് സഭയിൽ വയ്ക്കണം എന്നാണ് വ്യവസ്ഥ. ചെയർ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ചെയറിനോടുള്ള അഭ്യർത്ഥനയാണിത്. ആ റിപ്പോർട്ട് 1981 ഒക്ടോബറിൽ ലഭിച്ചതിനുശേഷം നാല് വർഷമായിട്ടും അത് സഭയിൽ വച്ചിട്ടില്ല. അതുകൊണ്ട് ആ റിപ്പോർട്ട് സഭയിൽ വയ്ക്കണമെന്ന് ചെയറിൽ നിന്ന് നിർദ്ദേശിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ജനാർദ്ദനൻ നായർ കമ്മീഷൻ നൂറിലധികം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി. ആ നിർദ്ദേശങ്ങളിൽ 75 നിർദ്ദേശങ്ങളും വലിയ സാമ്പത്തിക ബാദ്ധ്യതയൊന്നുമുള്ളതല്ല. മനസ്സുണ്ടെങ്കിൽ ഉടനെ നടപ്പിലാക്കുവാൻ കഴിയും. പ്രധാനമായിട്ടും വളത്തിനും കീടനാശിനികൾക്കും വിത്തിനും മററും അതിന്റെ വിലയുടെ 50 ശതമാനം സബ്സിഡി നൽകണമെന്നാണ്. എങ്കിൽമാത്രമേ കൃഷി ആദായകരമായി നിലനിറുത്തുവാൻ കഴിയുകയുള്ളു എന്നുള്ളതാണ് നിർദ്ദേശങ്ങളിലെ കാതലായിട്ടുള്ള കാര്യം. എല്ലാ കമ്മീഷന്റെ പരിശോധനയും കഴിഞ്ഞ് ഏതാണ്ട് നാലുവർഷം കഴിഞ്ഞു. ഇനിയെങ്കിലും അത് ഉടനടി അംഗീകരിച്ചുനടപ്പിലാക്കണമെന്നുമാത്രമാണ് ഞാൻ എന്റെ പ്രമേയത്തിൽ ആവശ്യപ്പെടുന്നത്. അത് ഈ സഭ അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നു.

മി. സ്പീക്കർ: ഈ പ്രമേയം ക്യാരി ഓവർ ചെയ്യുകയാണ്. അടുത്ത സമ്മേളനത്തിൽ എടുക്കുന്നതാണ്.

## VII. സ്പീക്കറുടെ റൂളിംഗ്

### തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസനെതിരെ സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററി ചെയർമാനും അംഗങ്ങളും ഉന്നയിച്ച അവകാശ ലംഘന പ്രശ്നത്തെ സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ സബോർഡിനേററ് ലെജിസ്ലേഷൻകമ്മിററിയുടേയും തദ്വാരാ സഭയുടേയും അവകാശലംഘനം നടത്തിയതായി ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. വി. മാണി, ശ്രീ. സിറിയക് ജോൺ, ശ്രീ. എൻ. സൂപ്പി, ശ്രീ. ററി. കെ. ഹംസ, ശ്രീ. ഇ. ജെ. ലൂക്കോസ്, ശ്രീ. കെ. പി. അരവിന്ദാക്ഷൻ എന്നിവർ നോട്ടീസ് നൽകിയിരുന്നു.

ഏഴാം കേരള നിയമസഭയുടെ സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയുടെ പതിനാറാമതു റിപ്പോർട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്രസമ്മേളനത്തിലെ ചില പരാമർശങ്ങ

ളാണ് ഇതിന് ആധാരമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയുടെ അഭിപ്രായം ആരായുകയുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളുടെ നോട്ടീസും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിച്ചു.

നിയമസഭയുടെ പ്രവർത്തനം പൂർണ്ണവും ഫലപ്രദവുമാക്കുന്നതിൽ നിയമസഭാ കമ്മററികൾ നിർണ്ണായകമായ പങ്കാണ് വഹിച്ചുവരുന്നത്. നിയമസഭാ കമ്മിററികളെ 'മിനി ലെജിസ്ലേച്ചർ' എന്നുതന്നെ വിശേഷിപ്പിക്കാം. നിയമസഭയ്ക്കുള്ള എല്ലാ അവകാശങ്ങളും നിയമസഭാ കമ്മിററികൾക്കും ഉണ്ട്.

പാർലമെൻററി ജനാധിപത്യ സമ്പ്രദായത്തിൽ എക്സിക്യൂട്ടീവ് ലെജിസ്ലേച്ചറിനോട് അക്കൗണ്ടബിൾ ആണ്. എക്സിക്യൂട്ടീവിൻെറ നടപടിക്രമങ്ങളുടെ സ്ക്രൂട്ടിനി എന്നത് ലെജിസ്ലേച്ചറിൻെറ മൗലികമായിട്ടുള്ള ചുമതലകളിൽ പരമപ്രധാനവുമാണ്. ഈ സ്ക്രൂട്ടിനി നിയമസഭ ഒന്നാകെ ചെയ്യുന്നതാവാം, സഭ അർപ്പിച്ചിട്ടുള്ള അധികാരങ്ങൾക്ക് അനുസൃതമായി നിയമസഭാ കമ്മിററികൾ ചെയ്യുന്നതുമാവാം. ഇക്കാരണത്താൽ നിയമസഭാ സമ്മേളനംപോലെതന്നെ പരമപ്രധാനമാണ് നിയമസഭാ കമ്മിററികളുടെ പ്രവർത്തനവും.

വസ്തുത ഇതായിരിക്കെ നിയമസഭാ കമ്മിററികളുടെ തീരുമാനങ്ങളെയും നിഗമനങ്ങളേയും തികഞ്ഞ ഗൗരവത്തോടെ കണക്കിലെടുക്കാനും അവ പരിശോധിച്ച് നടപടികൾ സ്വീകരിക്കാനുമുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. ഇവയിൽ സർക്കാരിന് യോജിക്കാൻ വയ്യാത്ത തരത്തിലുള്ള കാര്യങ്ങളുണ്ടെന്നുവരികിൽ അവയെപ്പററി വസ്തുനിഷ്ഠമായി നേരിട്ടോ സ്പീക്കർ മുഖാന്തിരമോ കമ്മിററിയുടെതന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയാണ് വേണ്ടത്. അതിനുശേഷവും കമ്മിററിയ്ക്കും സർക്കാരിനും ഒരു കാര്യത്തെപ്പററിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ തമ്മിൽ ഒരു ധാരണയിൽ എത്തിച്ചേരാനാവാതെ വന്നാൽ കമ്മിററിയുടെയും ഗവൺമെൻറിൻെറയും അഭിപ്രായഗതികൾ റിപ്പോർട്ടു മുഖേന സഭയിൽ സമർപ്പിക്കയാണ് വേണ്ടത്.

ഇക്കാര്യത്തെ പരാമർശിച്ചുകൊണ്ട്. കൗൾ ആൻറ് ശക്ധർ ഇങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

"No refleetion can be made by anybody on the recommendations of a Parliamentary Committee. The Committees are entitled to the same respect as Parliament. Therefore, if anybody casts reflection on the decisions or conduct of the Committee, it is a breach of privilege of the House.

Any person who is affected by the recommendation af a Parliamentary Committee can make a representation to the Committee and submit the true facts, according to him, to the Committee but he cannot ventilate them outside. Similarly, if the Government wishes to say anything and contest any finding or conclusion or recommendation of the Committee, it has a right to put up its own case to the Committee direct, or to the Speaker who forwards it to the Chairman of the Committee for reconsideration of the matter. In a case, where a difference of opinion persists, both the statements are laid on the Table in a further report from the Committee". (Page 228—Third Edition)

LIBRARY ARCHIVES Kerala Legislative Assembly

ഈ നടപടിക്രമത്തിനു മുതിരാതെ തിടുക്കത്തിൽ പത്രസമ്മേളനം നടത്തി കമ്മററിയുടെ നിഗമനങ്ങളോടു തനിക്കുള്ള വിയോജിപ്പ് പരസ്യമായി പ്രകടിപ്പിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി മുതിർന്നതെന്നാണ് അവകാശലംഘന പ്രശ്നം ഉന്നയിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ആരോപിച്ചിട്ടുള്ളത്. പക്ഷേ താൻ കമ്മിററിയുടെ അധികാരത്തെയോ ശുപാർശകളെയോ അല്ല പത്രസമ്മേളനത്തിൽ പരാമർശിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണത്തിൽ പറയുന്നത്.

ഇതുസംബന്ധിച്ച് ഒരു കാര്യം ചെയർ വ്യക്തമാക്കട്ടെ. സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സ്പീക്കറുടെ അനുമതിയോടെയാണ് കമ്മിററി ചെയർമാൻ ശ്രീ. എം. വി. മാണിയും ബഹുമാനപ്പെട്ട മററംഗങ്ങളും പത്രസമ്മേളനം നടത്തിയത്. അത് പ്രധാനമായും കമ്മിററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ആയിരുന്നു. ചെയർമാൻെറയോ മററ് അംഗങ്ങളുടെയോ വ്യക്തിപരമായ അഭിപ്രായപ്രകടനവുമായിരുന്നില്ല.

വീഴ്ചകൾ ആർക്കും സംഭവിക്കാവുന്നതേയുള്ളു. പക്ഷേ വീഴ്ചകൾ ഉണ്ടായാൽ അത് തിരുത്തുവാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളാണ് ജനാധിപത്യബോധമുള്ള ഭരണാധികാരികളുടെ ഭാഗത്തുനിന്നും വേണ്ടത്. അവകാശലംഘനമായി അംഗങ്ങൾ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ചിരിക്കുകയാണ്. ഇങ്ങനെ കേവല നിഷേധമല്ലാതെ കമ്മിററിയുടെ നിഗമനങ്ങളോട് വസ്തുനിഷ്ഠമായിട്ടുള്ള പ്രതികരണം നടപടിക്രമങ്ങൾക്ക് അനുസരിച്ച് കമ്മിററിയെ ഇതുവരെ ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുമില്ല. തന്നെയുമല്ല ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് അയച്ച കത്തിനുള്ള മറുപടിയിൽത്തന്നെ വീണ്ടും കമ്മിററിയ്ക്ക് അവഹേളനം ഉളവാക്കുന്ന തരത്തിലുള്ള കാര്യങ്ങളാണ് പ്രസ്താവിച്ചിട്ടുള്ളതെന്നു ഖേദപൂർവം പറയട്ടെ.

ഇതിനുപുറമെ ഈ പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇപ്രകാരം പറയുന്നു. അത് ഇവിടെ ഉദ്ധരിക്കട്ടെ:

"നിയമനങ്ങൾ സംബന്ധിച്ച ഫയലുകൾ കമ്മിററിയ്ക്ക് ലഭിക്കുവാൻ സ്പീക്കറുടെ ഇടപെടൽ വേണ്ടിവന്നു എന്ന പ്രസ്താവന സത്യവിരുദ്ധവും കമ്മിററിയുടെ തീരുമാനങ്ങൾക്കെതിരുമാണ്."

ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ പ്രസ്താവന ചെയർ പരിശോധിച്ചു.

റിപ്പോർട്ടിനെ ആധാരമാക്കി ചെയർമാൻ നടത്തിയ പത്രസമ്മേളനത്തിലെ 'നിയമനങ്ങൾ സംബന്ധിച്ച ഫയലുകൾ കമ്മിററിയ്ക്ക് ലഭിക്കുവാൻ സ്പീക്കറുടെ ഇടപെടൽ വേണ്ടിവന്നു' എന്ന പരാമർശം ഒഴിവാക്കേണ്ടതായിരുന്നു. റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനു മുമ്പ് ചർച്ചകളുടെയും നടപടികളുടേയും പരസ്യ പരാമർശനങ്ങൾ ഒരിക്കലും പാടില്ല. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചാൽത്തന്നെ ഈ വിധ പരാമർശനങ്ങൾ നടത്തുന്നത് അനൗചിത്യമാണ്.

ഏതായാലും ഈ കാര്യം പത്രങ്ങളിൽ വരികയും ബഹുമാനപ്പെട്ട മന്ത്രി തൻെറ പത്രസമ്മേളനത്തിൽ ഫയൽ നൽകുന്നതിന് സ്പീക്കർ ഇടപെടേണ്ടിവന്നതായി അറിവില്ലെന്ന് പറയുകയും ചെയ്തു. പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി തന്ന വിശദീകരണത്തിലും ഇത് പൂർണ്ണമായി നിഷേധിച്ചിരിക്കയാണല്ലൊ. അതുകൊണ്ട് ഒഴിവാക്കാമായിരുന്ന ഒരു വിവാദത്തിന് ഇടവരുത്തിയ ഈ പരാമർശനത്തിന്റെ യാഥാർത്ഥ്യം സഭയെ അറിയിക്കേണ്ടത് ചെയറിന്റെ ഉത്തരവാദിത്വമാണെന്ന് കരുതുന്നു.

കമ്മിററി ബന്ധപ്പെട്ട ഫയലുകൾ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് കമ്മിററിക്ക് അതിന് അധികാരമില്ലെന്നും കമ്മിററിയ്ക്ക് ഫയലുകൾ നൽകേണ്ടതില്ലെന്നാണ് നിയമവകുപ്പിൽനിന്നുകിട്ടിയ ഉപദേശമെന്നും ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ വന്നു കണ്ടിരുന്നു. പക്ഷേ നിയമവകുപ്പിന്റെ വീക്ഷണത്തോട് വിയോജിച്ചുകൊണ്ട് നിയമസഭാ നടപടിക്രമങ്ങളിലെ 195-ാം ചട്ടപ്രകാരം ഫയലുകൾ കൊടുക്കാൻ ചെയർ വാക്കാൽ ഉപദേശിക്കയാണുണ്ടായത്. വസ്തുത ഇപ്രകാരമായിരിക്കെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന അങ്ങേയററം സത്യവിരുദ്ധമാണെന്ന് പറയേണ്ടിവന്നതിൽ ചെയറിന് അതിയായ ദുഃഖമുണ്ട്. ഇങ്ങനെ ചെയറിനുതന്നെയും നേരിട്ടു ബോദ്ധ്യമുള്ള കാര്യംപോലും തന്റെ വിശദീകരണത്തിൽ നിഷേധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ സമീപനം അപലപനീയമാണ്. ഈ സാഹചര്യത്തിൽ പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ നിഷേധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം എങ്ങനെ മുഖവിലയ്ക്ക് എടുക്കാനാവും ?

അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നോട്ടീസിൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ആരോപിച്ച അവകാശലംഘനം ഉള്ളതായി പ്രഥമദൃഷ്ട്യാ ചെയറിനു ബോദ്ധ്യപ്പെട്ടതിനാൽ കൂടുതൽ വിശദമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജ് കമ്മിററിയ്ക്ക് അയക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും 1986 ജൂലായ് 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly